**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **18-01-2021 - ല്‍ മറുപടിയ്ക്ക്**

**കൈവശഭൂമിക്ക് പട്ടയം നല്‍കുന്നതുസംബന്ധിച്ച്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോഷി അഗസ്റ്റിന്‍** | | **Shri E. Chandrasekharan**<br>**(റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | പെരിഞ്ചാംകുട്ടി കാഞ്ചിയാര്‍ മേഖലയിലെ പദ്ധതി പ്രദേശത്തോട് ചേര്‍ന്ന പത്തുചെയിന്‍ മേഖലയിലെ മൂന്ന് ചെയിന്‍ വിട്ട് ശേഷിക്കുന്ന കര്‍ഷകരുടെ കൈവശഭൂമിക്ക് പട്ടയം നല്‍കുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായി; വിശദാംശങ്ങള്‍ നല്‍കുമോ? | (എ) | ഇരട്ടയാര്‍ പദ്ധതി പ്രദേശത്ത്, കെ.എസ്.ഇ.ബി ഏറ്റെടുത്തിട്ടുള്ള ഭൂമി ഒഴികെയുള്ള റവന്യൂ ഭൂമിയില്‍ താമസിക്കുന്ന കൈവശക്കാര്‍ക്ക് ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടങ്ങള്‍ പ്രകാരം പട്ടയം നല്‍കുന്നതിനും, കാലങ്ങളായി ഇടുക്കി ജല വൈദ്യുത പദ്ധതി പ്രദേശത്ത് താമസിച്ച് കൃഷി ചെയ്തു വരുന്ന കുടുംബങ്ങള്‍ക്ക്, വൈദ്യുതി ബോര്‍ഡിന്റെ ജല വൈദ്യുത പദ്ധതി പ്രദേശത്ത് നിന്നും, മൂന്ന് ചെയിന്‍ വിട്ടുള്ള പ്രദേശത്ത് പട്ടയംനല്‍കുന്നതിനും, വൈദ്യുതി ബോര്‍ഡ് എതിര്‍പ്പ് അറിയിക്കുന്ന കേസുകളില്‍ മാത്രം അവരുടെ റിപ്പോര്‍ട്ട് കൂടി വാങ്ങി, അതു കൂടി പരിശോധിച്ച സമവായത്തില്‍ എത്തിയതിനുശേഷം, ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടങ്ങള്‍ പ്രകാരം പട്ടയം നല്‍കുന്നതിന് ഇടുക്കി ജില്ലാ കളക്ടര്‍ക്ക് അനുമതി നല്‍കി 24/10/2017ലെ സ.ഉ.(കൈ)352/2017/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തില്‍ പത്ത് ചെയിന്‍ മേഖലയിലെ മൂന്ന് ചെയിന്‍ വിട്ട് ശേഷിക്കുന്ന പ്രദേശത്തെ കൈവശക്കാര്‍ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികള്‍ പൂര്‍ത്തീകരിച്ചു വരുന്നു. |

സെക്ഷന്‍ ഓഫീസര്‍